**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 599** **05-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഭൂമിയിൽ കൂടുതൽ വികസന- തൊഴിൽ അവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട അളഗപ്പ ടെക്സ്റ്റയിൽസ് കോവിഡിനെ തുടർന്ന് അടച്ചുപൂട്ടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന് വിട്ടു നൽകിയ അളഗപ്പ ടെക്സ്റ്റയിൽസിന്റേതുൾപ്പെടെയുള്ള സർക്കാർ ഭൂമിയിൽ കൂടുതൽ വികസന-തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ; | (ബി) | ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന ടെക്സ്റ്റയിൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ചും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതും നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയ ത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ കഴിയുകയുള്ളൂ. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | അതിനു സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി തിരികെ ഏറ്റെടുത്ത് കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ കീഴിൽ വരുന്ന ടെക്സ്റ്റയിൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കേണ്ടത് സംബന്ധിച്ചും മറ്റ് നടപടികൾ സ്വീകരിക്കേണ്ടതും നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയ ത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ കഴിയുകയുള്ളൂ. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനു നടപടി |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയ ത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ